**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3514** **15-02-2024 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായൽ പുറമ്പോക്ക്, പുഴ പുറമ്പോക്ക്, തോട് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവയിൽ വർഷങ്ങളായി ഭൂമി കൈവശംവെച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിലവിൽ നിയമമുണ്ടോ; എങ്കിൽ പട്ടയം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **1964- ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ 11 (2) (V) പ്രകാരം റോഡ് വീതി കൂട്ടുന്നതിന് ആവശ്യമായ പാതയോരത്തെ സ്ഥലങ്ങൾ, തുറമുഖ പരിധിക്കുള്ളിൽ (3.017 മീ.) വരുന്ന സ്ഥലങ്ങൾ അല്ലെങ്കിൽ തടങ്ങളില്ലാത്ത ജലസേചന ചാലുകളുടെ ഒരു ചെയിൻ ദൂരത്തിനുള്ളിൽ (20.117 മീ) അല്ലെങ്കിൽ തടസ്സങ്ങളില്ലാത്ത അപ്രധാന ജലസേചന മാർഗ്ഗങ്ങളുടെ ഇരുപത് ലിംഗ്സിനുള്ളിൽ (4.02 മീ.) അല്ലെങ്കിൽ തടങ്ങളുള്ള ജലസേചന മാർഗ്ഗങ്ങളുടെ പതിനഞ്ച് ലിംഗ്സിനുള്ളിൽ (3.017 മീ.) അല്ലെങ്കിൽ റെയിൽവേ സ്റ്റേഷനുകളുടെ അതിർത്തി മുതൽ നൂറ് മീറ്ററിനുള്ളിൽ അല്ലെങ്കിൽ വിമാനത്താവളങ്ങളുടേയും ലാന്റിംഗ് ഗ്രൗണ്ടുകളുടേയും അതിർത്തിയിൽ നിന്നും ഇരുനൂറ് യാർഡിനുള്ളിൽ (183 മീ.) അല്ലെങ്കിൽ കടൽ തീരത്തിനടുത്ത് സമുദ്രത്തിലെ ഉയർന്ന ജലനിരപ്പിൽ നിന്നും നൂറടിക്കുള്ളിൽ (30.480 മീ.) അടിക്കുള്ളിൽ സ്ഥലം എന്നിവ പതിവിന് വിധേയമല്ല. എന്നാൽ സമുദ്ര ജലനിരപ്പിൽ നിന്നും നൂറടിക്കുള്ളിലുള്ള തീരപ്രദേശത്തെ സ്ഥലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വീട് വെക്കുന്നതിലേക്കും കാറ്റാടി തോട്ടങ്ങൾക്കും സമുദ്രത്തിന്റെ ഉയർന്ന ജലനിരപ്പിൽ നിന്നും നൂറ് യാർഡ് പരിധിയിലുള്ള സ്ഥലങ്ങൾ മീനെണ്ണയോ മീൻ വളമോ ഉത്പാദിപ്പിക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിനും താത്കാലികമായി പതിച്ചു നൽകാവുന്നതാണ്.** |
| (ബി) | ഇത്തരം ഭൂമി എത്ര വർഷക്കാലമായി കൈവശം വച്ചിരിക്കുന്നവർക്കാണ് പട്ടയം നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | വർഷങ്ങളായി ഇത്തരം ഭൂമി കൈവശം വച്ച് താമസിക്കുന്നവർക്കു പട്ടയം നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പുറമ്പോക്ക് ഭൂമികളിന്മേൽ പട്ടയം നൽകുന്നതിന് എന്തെങ്കിലും പുതിയ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ? | (സി) | നിലവിൽ റവന്യൂ റിക്കാർഡുകളിൽ തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളുടെ വിവര ശേഖരണം ജില്ലാടിസ്ഥാനത്തിൽ നടത്തുവാനും കാലാകാലങ്ങളായി നിർജ്ജീവാസ്ഥയിലുള്ളതും ഇനി ജല സ്രോതസ്സ് ആകാൻ സാധ്യതയില്ലാത്തവയും ഗതിമാറി ഒഴുകിയതു മൂലം നിലവിൽ കരഭൂമി ആയിത്തീർന്നവയും സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി സംയുക്ത പരിശോധന നടത്തുവാനും, അർഹത പരിശോധിച്ച് വ്യവസ്ഥകൾക്ക് വിധേയമായി കൈവശക്കാർക്ക് പട്ടയം അനുവദിച്ചു നൽകാവുന്നതാണോയെന്നു പരിശോധിക്കണമെന്നും 03.11.2023- ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. യോഗ നടപടി കുറിപ്പിന്റെ പകർപ്പ് അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നല്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 03.11.2023 ന് വൈകുന്നേരം 4.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് നിലവിലുള്ള നിയമതടസ്സങ്ങൾ ക്ക് പരിഹാരം കണ്ടെത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ, റവന്യൂ സെക്രട്ടറിമാർ അടങ്ങിയ കമ്മിറ്റി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്ന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൽ തുടർനടപടി സ്വീകരിക്കുന്നതിനായി ചേർന്ന യോഗം വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ചു യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് നിലവിൽ തടസ്സമുണ്ട്. അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ (BTR) തോട്, പുഴ, കനാൽ, കായൽ, കുളം എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്ന ഒട്ടുമിക്ക സ്ഥലങ്ങളിലും നിലവിൽ മേല്പറഞ്ഞ ജല സ്രോതസ്സുകൾ ഇല്ല. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218 -ാം വകുപ്പ് (3) -ാം ഉപവകുപ്പിലും 1994 കേരള മുനിസിപ്പാലിറ്റി ആക്ട് 208 (എ) -ാം വകുപ്പ് 3-ാം ഉപവകുപ്പിലും ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് ഗ്രാമപഞ്ചായത്തുമായി/മുനിസിപ്പാലിറ്റിയുമായി ആലോചിച്ച ശേഷവും, അതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകിയ ശേഷവും ഏതൊരു പൊതു ജലസ്രോതസ്സിന്റെയും അതിനു തൊട്ടുള്ളതും അതോട്ടു ചേർന്നതുമായ പൊതുഭൂമിയുടെയും ഭരണം ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജലസ്രോതസ്സോ ആയതുമായി ബന്ധപ്പെട്ട ഭൂമിയോ സർക്കാരിൽ പുനർനിക്ഷിപ്തമാക്കുന്നതിനോ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനോ മറ്റു വിധത്തിൽ കൈമാറുന്നതിനോ പ്രസ്തുത വകുപ്പുകളിൽ

വ്യവസ്ഥ ചെയ്യുന്നില്ലായെന്നും അതുമൂലം അർഹരായ പലർക്കും പട്ടയം നല്കുന്നതിന് സാധിക്കുന്നില്ലായെന്നും അതിന് പരിഹാരം കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾക്കു വേണ്ടിയാണ് ടി യോഗം ചേരുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി യോഗത്തിൽ പറഞ്ഞു.

ബഹു. സുപ്രീം കോടതിയുടെ Jagpal Singh and others Vs State of Punjab and others (Civil Appeal No. 1132/2011 @ SLP (c) No. 3109/2011) എന്ന കേസ്സിന്റെ 28/01/2011 — ലെ വിധിയിൽ കുളം ഉൾപ്പെടെയുള്ള പുറമ്പോക്ക് വസ്തു കൈയ്യേറാൻ അനുവദിക്കരുതെന്നും, കൈയ്യേറിയത് ക്രമ വൽക്കരിക്കരുതെന്നും നിർദ്ദേശിച്ചും മറ്റും വിധി പുറപ്പെടുവിച്ചിട്ടുള്ളതാണെന്ന കാര്യവും, അതോടൊപ്പം കേരളത്തിന്റെ സവിശേഷതകളായ ജനസാന്ദ്രത, നഗരവൽക്കരണം തുടങ്ങിയവയും പ്രത്യേകം, പ്രത്യേകം പരിശോധിക്കേണ്ടതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും 16.08.2023-ൽ കൂടിയ യോഗത്തിലെ നടപടിക്കുറിപ്പിലെ ഇനം (5)-ൽ ഭൂമിയുടെ നിലവിലുള്ള ഇനം, വിട്ടൊഴിയലുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, നിയമവകുപ്പ് എന്നീ സെക്രട്ടറിമാർ കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഒരു വ്യക്തത വരുത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുള്ള കാര്യം റവന്യൂ വകുപ്പിലെ അഡീഷണൽ സെക്രട്ടറി യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി.

വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊണ്ടു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിലകൊടുത്ത് വാങ്ങിയിട്ടുള്ള ഭൂമി വില്പന മൂലമോ മറ്റ് വിധത്തിലോ കയ്യൊഴിയുന്നതിന് റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടേണ്ടതില്ല എന്ന വസ്തുത ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി പുനർനിക്ഷിപ്തമാക്കി നല്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ നല്കണം. ജില്ലാ കളക്ടർ പ്രസ്തുത അപേക്ഷ പരിശോധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയക്കണം. റവന്യൂ വകുപ്പിൽ നിന്നും കരട് വിജ്ഞാപനം സഹിതം ഭൂമി പുനർനിക്ഷിപ്തമാക്കി നല്കുന്നതിനായി തദ്ദേശ സ്വയംഭരണ

വകുപ്പിന് കൈമാറണം. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി പുറപ്പെടുവിക്കേണ്ടതാണ്.

3. തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകൾ സംബന്ധിച്ച് വിവരശേഖരണം നടത്തി റവന്യൂ വകുപ്പിന്റെ അടിസ്ഥാന നികുതി രജിസ്റ്റർ (BTR) പ്രകാരം തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകൾ എന്ന് രേഖപ്പെടുത്തിയവ ഇപ്പോഴും തോട്, പുഴ, കനാൽ, കായൽ, കുളം പുറമ്പോക്കുകൾ തന്നെയാണോയെന്ന് ഉറപ്പു വരുത്തുവാൻ റവന്യൂ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി വിവരശേഖരണം നടത്തണം. കാലാകാലങ്ങളായി നിർജ്ജീവാവസ്ഥ- യിലുള്ളതും, ഇനി ജലസ്രോതസ്സ് ആകാൻ സാധ്യതയില്ലാത്തവയെയും, ഗതിമാറി ഒഴുകിയതുമൂലം നിലവിൽ കരഭൂമി ആയിത്തീർന്നവയെയും സംയുക്ത പരിശോധനയിലൂടെ കണ്ടെത്തി, സ്വാഭാവിക മാറ്റമുണ്ടായതാണെന്ന് ഉറപ്പ് വരുത്തി, അതിദരിദ്രർ ആയവർക്ക് പതിച്ചു കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം.

4. റവന്യൂ വകുപ്പിന്റെ അടിസ്ഥാന നികുതി രജിസ്റ്ററിൽ തോട്, പുഴ, കനാൽ, കായൽ, കുളം എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നതും നിലവിൽ മേല്പറഞ്ഞ ജലസ്രോതസ്സുകൾ ഇല്ലാത്തതുമായ ഭൂമികൾ അർഹതപ്പെട്ടവർക്ക് പതിച്ചു നല്കുന്നതിന് 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണം.

5. കാലാകാലങ്ങളായി നിർജ്ജീവമായ ജലസ്രോതസ്സ്/നീരൊഴുക്ക് ഇല്ലാത്തവയാണെന്ന് ഉറപ്പുവരുത്തി, BTR ൽ തിരുത്തൽ വരുത്തിയശേഷം അർഹതപ്പെട്ടവർക്ക് പതിച്ചു നൽകുവാനുള്ള നടപടി സ്വീകരിക്കുന്നത് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ ലംഘനമാകുമോ എന്നത് നിയമവകുപ്പ് പരിശോധിക്കണം.

യോഗം 5.00 മണിക്ക് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം**

| ക്ര.നം | പേര് | ഔദ്യോഗിക പദവി | വകുപ്പ് |
|---|---|---|---|
| 1 | ഡോ. എ. കൗശിഗൻ | കമ്മീഷണർ, | ലാന്റ് റവന്യൂ |

| | | | |
|---|---|---|---|
| | ഐ.എ.എസ്. | | |
| 2. | ശ്രീ. അനു എസ്. നായർ | അസിസ്റ്റന്റ് കമ്മീഷണർ | ലാന്റ് റവന്യൂ |
| 3. | ശ്രീമതി ഗീതാലക്ഷ്മി എം. ബി. | അഡീഷണൽ സെക്രട്ടറി | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 4. | ശ്രീ. ആർ. എൽ. ഗോപകുമാർ | അഡീഷണൽ സെക്രട്ടറി | റവന്യൂ വകുപ്പ് |
| 5. | ശ്രീമതി ജോസ്നാമോൾ എസ്. | ജോയിന്റ് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |
| 6. | ശ്രീ. രാജ് എ. എ. | ലോ ഓഫീസർ | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |
| 7. | ശ്രീമതി റെജി പി. | അണ്ടർ സെക്രട്ടറി | നിയമവകുപ്പ് |
| 8 | ശ്രീ. വി. വി. രാജീവ് | സീനിയർ സൂപ്രണ്ട് | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ |

| | | | |
|---|---|---|---|
| | | | കാര്യാലയം,<br>തിരുവനന്തപുരം |

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

O/O ACS LSGD